"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൻ കീഴിൽ ഉൾപ്പെട്ടുത്തിയിരുന്ന പാക്കേജ് നമ്പർ. 10-06 D റോഡ് പ്രവൃത്തിയിൽ നിന്നും കരാറുകാരനെ without Risk & Cost-ൽ terminate ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.112/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:- 1.സ.ഉ (സാധാ )നമ്പർ. 85/2014/LSGD തീയതി 21.05.2014
2.കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എൻജിനീയറുടെ 11.06.2024 ലെ Engg /3615/DB 1/2014/KSRRDA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ ഉൾപ്പെട്ടുത്തിയിരുന്ന പാക്കേജ് നമ്പർ.10-06 D റോഡ് പ്രവൃത്തി, പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ റീ-ടെണ്ടർ ചെയ്യുകയും ഒരു ടെണ്ടർ മാത്രം ലഭിച്ച സാഹചര്യത്തിൽ ആയതിന് അംഗീകാരം നൽകി 0.05% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s Rock & Arc constructions (India) എന്ന സ്ഥാപനത്തിന്റെ കരാർ അംഗീകരിക്കുകയും 20.11.2014 ൽ കരാറിലേർപ്പെട്ടുകയും ചെയ്തു. മൊബിലൈസേഷൻ അഡ്വാൻസായി 8,96,430/- രൂപ നൽകി പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിരുന്നുവെങ്കിലും soil condition പ്രവൃത്തിക്കനുയോജ്യമല്ല എന്നും പ്രവൃത്തി തുടരാൻ കഴിയുന്നില്ലെന്നും ആയതിനാൽ TOC ദീർഘിപ്പിച്ചു നൽകണമെന്നും ചൂണ്ടിക്കാട്ടി കരാറുകാരൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് CBR value കുറവായതു കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല എന്നും DPR ലെ Provisions പ്രവൃത്തിക്കനുയോജ്യമായതല്ല എന്നും ആയതിനാൽ കരാറുകാരന് പ്രവൃത്തി തുടരുന്നതിൽ താൽപര്യമില്ല എന്നറിയിച്ചിട്ടുണ്ടെന്നും Mobilization Advance തിരിച്ചടയ്ക്കുവാൻ കരാറുകാരൻ സന്നദ്ധനായതിനാൽ Performance Security തിരികെ നൽകി പ്രവൃത്തി drop ചെയ്യാവുന്നതാണെന്നു എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസും അതിന്റെ പലിശയും കരാറുകാരൻ തിരികെ അടക്കുകയും ചെയ്തു.

2) തുടർന്ന്, 20.06.2022-ൽ Risk & Cost-ൽ പ്രവൃത്തി കരാറുകാരനെ terminate ചെയ്യുകയും termination ഉത്തരവിനെതിരെ കരാറുകാരൻ WP (C) No. 21788/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയും പ്രസ്തുത ഉത്തരവിൻമേലുള്ള തുടർ നടപടികൾ ഇനി ഒരു ഉത്തരവുണ്ടാകും വരെ കോടതി തടഞ്ഞിട്ടുള്ളതുമാണ്. കൂടാതെ, പ്രവൃത്തി നിലവിൽ Held up

stage-ലാണുള്ളത് എന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന പക്ഷം പ്രദേശവാസികൾക്ക് ഏറെ ഉപകാരപ്രദവും വികസന പ്രവർത്തനങ്ങൾക്ക് സഹായകരവുമാകും എന്നതിനാൽ ഇക്കാര്യം പരിശോധിച്ചപ്പോൾ പദ്ധതി രൂപീകരണത്തിലെ പിഴവു കാരണമാണ് പ്രവൃത്തി ഫലപ്രാപ്തിയിൽ എത്താതിരുന്നതെന്നു കണ്ടെത്തിയതായും ആയതിനാൽ risk and cost ൽ terminate ചെയ്ത നടപടിയിൽ ഒരു പുനർചിന്തനം ആവശ്യമാണെന്നും ഈ നടപടി റദ്ദാക്കിയാൽ കേസ് പിൻവലിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്നും ചീഫ് എൻജിനീയർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാറുമായി ബന്ധപ്പെട്ട് യാതൊരു വിധത്തിലുമുള്ള നഷ്ടപരിഹാരത്തിനും അവകാശവാദമുന്നയിക്കില്ലെന്നും Termination ഉത്തരവിനെതിരെ ഫയൽ ചെയ്ത WP (C) No. 21788/2021 കേസ് എത്രയും വേഗം പിൻ വലിക്കാമെന്നുമുള്ള നിരുപാധിക സത്യവാങ്മൂലം കരാറുകാരൻ സമർപ്പിക്കുന്ന മുറയ്ക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരുന്ന പാക്കേജ് നമ്പർ.10-06 D റോഡ് പ്രവൃത്തിയിൽ നിന്നും കരാറുകാരനെ Risk & Cost കൂടാതെ terminate ചെയ്യുവാൻ കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എൻജിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

ചീഫ് എൻജിനീയർ ,കെ.എസ്.ആർ.ആർ.ഡി.എ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ (ഡെവ.) വകുപ്പ് (w.r.t.E:2853829/Dev-3/109/2024 dtd 31.12.2024)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 15-01-2025 11:00:03
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി